ഉത്തരം

(എ) കേരളത്തിൽ സ്വകാര്യമേഖലയിൽ ജലസേചന പദ്ധതികൾ സ്ഥാപിക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലില്ല.

(ബി-ഇ) ബാധകമല്ല.

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കിയ ചെറുകിട ജലസേചന പദ്ധതികൾ

58 (950) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനായി 2003-2004 സാമ്പത്തിക വർഷം ഏതെല്ലാം ചെറുകിട ജലസേചന പദ്ധതികൾക്കും റഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതികൾക്കും അനുമതി ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ പദ്ധതിയ്ക്കും ലഭ്യമായ സാമ്പത്തിക സഹായം എത്രയാണ് ;

(സി) ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കാൻ ഏതെല്ലാം ഏജൻസികളുടെ സഹായം ഗവൺമെന്റ് തേടിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) നബാർഡിന്റെ സഹായത്തോടെ 2003-2004 സാമ്പത്തിക വർഷം R10f VIII നടപ്പിലാക്കുന്നതിനായി 4/2003 വരെ അനുമതി ലഭിച്ച, ചെറുകിട ജലസേചന പദ്ധതികളുടെയും റഗുലേറ്ററിന്റെയും, ഓരോ പദ്ധതിക്കും ലഭ്യമായ സാമ്പത്തിക സഹായത്തിന്റെയും വിവരം ഇതിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* 2003-2004 സാമ്പത്തിക വർഷത്തേയ്ക്ക് 7.44 കോടി രൂപയ്ക്കുള്ള 21 ചെറുകിട ജലസേചന പദ്ധതികൾ പരിഗണനയിലുണ്ട്.

(സി) നബാർഡിന്റെ സഹായത്തോടെ ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

മലമ്പുഴ, പെരിയാർ എന്നീ നദികളിലെ ജലം വിൽക്കാനുള്ള ആഗോള ടെണ്ടർ

59 (951) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലമ്പുഴ, പെരിയാർ എന്നീ നദികളിലെ ജലം വിൽക്കാനുള്ള ആഗോള ടെണ്ടർ വിളിച്ചിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എത്രപേർ ഇതിനായി ക്വട്ടേഷൻ സമർപ്പിച്ചിരുന്നു ; അവർ ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly